"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല –പനങ്ങാട് ഗ്രാമപഞ്ചായത്ത് - 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്

സ.ഉ.(സാധാ) നം.1149/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

പരാമർശം:-

1. ഡയറക്ടർ (റൂറൽ)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.09.2022 ലെ പി എ എൻ/12142/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08.02.2023 ലെ ഡി.കെ.എസ്.എ 4259/പി.റ്റി2/2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതി (പ്രോ.നം.79/2017) എന്ന പ്രോജക്ടിന്റെ ഭാഗമായി നടത്തിയ ഉല്ലാസപഠനയാത്രകൾക്ക് ചെലവായ 1,00,000/- രൂപ പരാമർശയിനം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ പിന്നോക്കം നിൽക്കുന്ന മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രചോദനവും പ്രോത്സാഹനവും ലഭ്യമാക്കുന്നതിനാണ് ഗവേഷണവും അക്കാദമിക് പ്രവർത്തനങ്ങളും നടത്തുന്ന കുസാറ്റ്, സ്വാമിനാഥൻ ഗവേഷണകേന്ദ്രം, തിക്കോടി കാർഷിക ഗവേഷണ കേന്ദ്രം എന്നിവടങ്ങളിലേക്ക് പഠന സന്ദർശനം നടത്തിയതെന്നും പഠനയാത്രയിലൂടെ കുട്ടികൾക്ക് വലിയതോതിൽ പ്രചോദനവും പഠന പുരോഗതിയും ഉണ്ടായതായും വികേന്ദ്രീകൃത ആസൂത്രണ കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം 2015-16 ൽ ലഭിച്ച പദ്ധതി 2016-17 വർഷത്തിലും തുടർന്നതെന്നും പ്രസ്തുത പദ്ധതിക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. സർക്കാർ സാധൂകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ തുടരഭിപ്രായക്കുറിപ്പിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ വകുപ്പിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പ രാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം തടസ്സപ്പെടുത്തിയ 1,00,000/- രൂപയുടെ( ഒരു ലക്ഷം രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പനങ്ങാട് ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/156/2022-LSGD )

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ